## പതിനാലാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 3169 07.02.2018 - ൽ മറുപടിയ്ക്ക്

## ചങ്ങനാശ്ശേരി റവന്യൂ ടവർ കെട്ടിടം നവീകരിക്കുന്നതിനുളള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി.എഫ്.തോമസ്** | **ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) ചങ്ങനാശ്ശേരി റവന്യൂ ടവർ ഏതു വർഷമാണ് പണി പൂർത്തീകരിച്ചതെന്നും ഇതിന്റെ നിർമ്മാണ ചെലവ് എത്ര രൂപയായിരുന്നുവെന്നും വ്യക്തമാക്കാമോ; | (എ) 31.05.2001-ലാണ് ചങ്ങനാശ്ശേരി റവന്യൂ ടവർ പൂർത്തീകരിച്ചത്. ഇതിന്റെ നിർമ്മാണ ചെലവ് 1193.08 ലക്ഷം രൂപയായിരുന്നു. |
| (ബി) റവന്യൂ ടവറിന്റെ എല്ലാ മുറികളും വാടകയ്ക്ക് നൽകിയിട്ടുണ്ടോ; | (ബി) ചങ്ങനാശ്ശേരി റവന്യൂ ടവറിൽ നിലവിൽ ഒരു കടമുറിയും 11194.32 സ്ക്വ.ഫീ ഓഫീസ് സ്ഥലവും ഇനിയും വാടകയ്ക്ക് നൽകാനുണ്ട്. |
| (സി) പ്രസ്തുത കെട്ടിടം വൃത്തിയായി സൂക്ഷിക്കുന്നതിന് തടസ്സം എന്താണെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; | (സി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് (ഫോർമേഷൻ ഓഫ് മാനേജിംഗ് കമ്മിറ്റീസ് ഫോർ റവന്യൂ ടവേഴ്സ് ആന്റ് കൊമേഴ്സ്യൽ ഓഫീസ് കോംപ്ലക്സ്) റഗുലേഷൻസ്, 2012 പ്രകാരം രൂപീകരിച്ച മാനേജിംഗ് കമ്മിറ്റിക്കാണ് റവന്യൂ ടവറിന്റെ പരിപാലനത്തിന്റെ ചുമതല. വിവിധ ആവശ്യങ്ങൾക്കായി ടി കെട്ടിടത്തിലെ സർക്കാർ ഓഫീസുകളിൽ എത്തുന്ന പൊതുജനം ടവറിലെ ശുചിമുറികൾ അശ്രദ്ധമായി ഉപയോഗിക്കുന്നതും പൊതുപരിപാലന ചെലവിന്റെ വിഹിതം വാടകക്കാർ യഥാസമയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതു മൂലം മാനേജിംഗ് കമ്മിറ്റിക്ക് മതിയായ ഫണ്ട് ഇല്ലാത്തതിനാൽ കെട്ടിടം വൃത്തിയായി സൂക്ഷിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ലിഫ്റ്റിന്റെയും ശുചിമുറികളുടേയും കേടുപാടുകൾ നീക്കി കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | ചങ്ങനാശ്ശേരി റവന്യൂ ടവറിലെ രണ്ട് ലിഫ്റ്റുകൾ ഇതിനോടകം നവീകരിച്ചിട്ടുള്ളതും മൂന്നാമത്തെ ലിഫ്റ്റിന്റെ നവീകരണ പ്രവൃത്തികൾക്കുള്ള കരാർ ആയിട്ടുള്ളതുമാണ്. ടി പ്രവൃത്തി ഉടൻ ആരംഭിക്കുന്നതും ശുചിമുറികളുടെ കേടുപാടുകൾ നീക്കുന്നതിലേയ്ക്ക് 2017 നവംബർ മാസത്തിൽ 4,20,953/- രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |

Subha

സെക്ഷൻ ഓഫീസർ